LIBRARY ARCHIVES Kerala Legislative Assembly

കടലാക്രമണ നഷ്ടപരിഹാരം

150 (154) ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കടലാക്രമണം കാരണം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ആരിൽ നിന്നെല്ലാമാണ് അപേക്ഷകൾ ലഭിച്ചതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും, അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-1-2015 മുതൽ കോഴിക്കോട് ജില്ലയിൽ കടലാക്രമണം കാരണം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷ നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. ശ്രീ. മഹേഷ്.ടി, ളുവക്കാട് പറമ്പിൽ, ചേമഞ്ചേരി - ബോട്ട് തകർന്നത്.
2. ശ്രീ. ടി. എ. വിജയരാജൻ, S/o. രാജൻ, പുതിയാപ്പ.

(ബി) (1) ശ്രീ. മഹേഷ്. ടി, ളുവക്കാട് പറമ്പിൽ, ചേമഞ്ചേരി - ടിയന്റെ ബോട്ട് 7-3-2015-ാം തീയതി പുതിയാപ്പ ഹാർബറിൽ വച്ച് തകരുകയുണ്ടായി. ഈ അപേക്ഷ നഷ്ടം കണക്കാക്കുന്നതിനും തുടർ നടപടികൾക്കുമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുന്നു.

(2) ശ്രീ. ടി. എ. വിജയരാജൻ S/o രാജൻ, പുതിയാപ്പ എന്നയാളുടെ സൗപർണിക എന്ന ബോട്ട് 29-4-2015-ൽ കടൽക്ഷോഭത്തിൽ മുങ്ങിപ്പോയി. മേൽ അപേക്ഷയും നഷ്ടം കണക്കാക്കുന്നതിനും തുടർനടപടികൾക്കുമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്.

വൈപ്പിൻ മണ്ഡലത്തിലെ പ്രവർത്തനം

151 (155) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ ; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയെന്ന് തീരുമാനിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം എം.എൽ.എ.-യുമായോ, മറ്റ് ജനപ്രതിനിധികളുമായോ കൂടിയാലോചന നടത്തുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന വൈപ്പിൻ മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി പദ്ധതിനിർവ്വഹണം പുരോഗമിക്കുന്നു:

സംയോജിത മത്സ്യഗ്രാമം പദ്ധതി

പള്ളിപ്പുറം മത്സ്യഗ്രാമം:

1. കുടിവെള്ള പദ്ധതി	-	53.00 ലക്ഷം രൂപ
2. വൈദ്യുതീകരണം	-	66.92 ലക്ഷം രൂപ
3. സാനിട്ടേഷൻ	-	34.00 ലക്ഷം രൂപ
4. ലൈബ്രറി	-	25.00 ലക്ഷം രൂപ
5. ഹൈമാസ്റ്റ് ലൈറ്റ് (2 എണ്ണം)	-	14.00 ലക്ഷം രൂപ

എടവനക്കാട് മത്സ്യഗ്രാമം:

1. കുടിവെള്ള പദ്ധതി	-	97.00 ലക്ഷം രൂപ
2. വൈദ്യുതീകരണം	-	37.57 ലക്ഷം രൂപ
3. സാനിട്ടേഷൻ	-	20.00 ലക്ഷം രൂപ
4. ലൈബ്രറി	-	37.57 ലക്ഷം രൂപ

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി

1. പള്ളിപ്പുറം ആയുർവേദ ആശുപത്രി നിർമ്മാണം	-	53.00 ലക്ഷം രൂപ
2. ഹൈമാസ്റ്റ് (1 എണ്ണം), എളങ്കുന്നപ്പുഴ	-	7.00 ലക്ഷം രൂപ
3. പള്ളിപ്പുറം ആയുർവേദ ആശുപത്രി നിർമ്മാണം	-	323.00 ലക്ഷം രൂപ
4. എടവനക്കാട് അംഗൻവാടി	-	10.60 ലക്ഷം രൂപ
5. എളങ്കുന്നപ്പുഴ അംഗൻവാടി (3 എണ്ണം)	-	33.75 ലക്ഷം രൂപ
6. നെറ്റ്മെന്റിംഗ് യാർഡ്, എടവനക്കാട്	-	48.00 ലക്ഷം രൂപ
7. നെറ്റ്മെന്റിംഗ് യാർഡ്, എളങ്കുന്നപ്പുഴ	-	49.00 ലക്ഷം രൂപ
8. കുഴിപ്പിള്ളി പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം	-	191.35 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര തീരദേശ വികസന പദ്ധതി

1.	പ്രൈമറി ഹെൽത്ത് സെന്റർ, അയ്യമ്പള്ളി	- 15.50 ലക്ഷം രൂപ
2.	പ്രൈമറി ഹെൽത്ത് സെന്റർ, സബ് സെന്റർ, എടവനക്കാട്	- 7.58 ലക്ഷം രൂപ
3.	മൊബൈൽ മെഡിക്കൽ യൂണിറ്റ്, ഞാറക്കൽ	- 2.79 ലക്ഷം രൂപ
4.	അംഗനവാടി, വാർഡ് നമ്പർ 14, എടവനക്കാട്	- 5.99 ലക്ഷം രൂപ
5.	അംഗനവാടി, വാർഡ് നമ്പർ 64, ഞാറക്കൽ	- 6.50 ലക്ഷം രൂപ
6.	അംഗനവാടി, പള്ളിപ്പുറം	- 4.79 ലക്ഷം രൂപ
7.	അംഗനവാടി, വാർഡ് നമ്പർ 175, എളങ്കുന്നപ്പുഴ	- 5.60 ലക്ഷം രൂപ
8.	അംഗനവാടി, വാർഡ് നമ്പർ 134, എടവനക്കാട്	- 4.29 ലക്ഷം രൂപ
9.	ഫിഷറീസ് സ്കൂൾ, ഞാറക്കൽ	-35.00 ലക്ഷം രൂപ

പരിശോധിച്ചുവരുന്ന പദ്ധതി

ഓച്ചംമുക്ക് സബ് സെന്റർ നിർമ്മാണം	-30.00 ലക്ഷം രൂപ

(ബി) പ്രസ്തുത പദ്ധതികൾ പ്രദേശത്തെ ജനപ്രതിനിധികളുമായുള്ള കൂടിയാലോചനയ്ക്ക് ശേഷമാണ് തയ്യാറാക്കിയത്.

ട്രോളിംഗ് നിരോധിതകാലയളവിലെ ആനുകൂല്യം

152(156) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധിച്ചിരുന്ന കാലയളവിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) തീരദേശത്തെ വറുതി അകറ്റുന്നതിനായി പ്രസ്തുത കാലയളവിൽ എത്ര ഇക അനുവദിച്ചെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) കാലവർഷക്കെടുതികൾ പ്രതിരോധിക്കുന്നതിനായി തീരദേശങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചുവരുന്നു കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം നൽകിവരുന്ന 1800 രൂപ 2015-16 സാമ്പത്തിക വർഷം 2700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.